"ഭരണഭാഷ-മാതൃഭാഷ"

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 18-06-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

സംസ്ഥാനത്തെ എല്ലാ സ്കൂൾ മാനേജർമാരും
(വെബ്സൈറ്റ്/വിദ്യാഭ്യാസ ഓഫീസർ മുഖേന)
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ സ്കൂൾ പ്രഥമാധ്യാപകരും
(വിദ്യാഭ്യാസ ഓഫീസർ/ വെബ്സൈറ്റ് വഴി)

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - എയ്ഡഡ് - 2019-20 അധ്യയന വർഷം മുതൽ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം 'സമന്വയ' വഴി ഓൺലൈൻ ആയി സമർപ്പിക്കുന്നതു സംബന്ധിച്ച്

സൂചന : 1) 31-05-2019 ലെ സ.ഉ (കൈ) നമ്പർ 51/2019/പൊ.വി.വ
2) ഈ കാര്യാലയത്തിൽ നിന്നുള്ള 14-06-2019 ലെ ഇതേ നമ്പർ പരിപത്രം

2019-20 അധ്യയന വർഷം മുതൽ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും തസ്തികനിർണയവും കൈറ്റിന്റെ സഹായത്തോടെ നിർമ്മിച്ച സോഫ്റ്റ്‌വെയർ ആയ 'സമന്വയ' വഴി ഓൺലൈൻ ആയി നിർവഹിക്കുവാൻ സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മാനേജർമാരും വിദ്യാഭ്യാസ ഓഫീസർമാരും ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി സൂചന (2) പ്രകാരം വിശദമായ പരിപത്രവും ഈ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ വ്യക്തമായി നൽകിയ ഈ നിർദേശങ്ങളൊന്നും പാലിക്കാതെ ചില മാനേജർമാരും ചില വിദ്യാഭ്യാസ ഓഫീസർമാരും 'സമന്വയ' വെബ്സൈറ്റ് ഉപയോഗിച്ചതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു. ആയതിനാൽ മാനേജർമാരും വിദ്യാഭ്യാസ ഓഫീസർമാരും താഴെപറയുന്ന കാര്യങ്ങൾ അടിയന്തരമായി ശ്രദ്ധിക്കണമെന്നും നടപടികൾ സ്വീകരിക്കണമെന്നും അറിയിക്കുന്നു.

1) **https://samanwaya.kite.kerala.gov.in** എന്നതാണ് 'സമന്വയ' ഔദ്യോഗിക വെബ്സൈറ്റ്. ഇതല്ലാതെ പരിശീലനത്തിനും മറ്റുമായി ഉപയോഗിക്കുന്ന സൈറ്റിൽ ചില മാനേജർമാർ യഥാർത്ഥ നിയമനാംഗീകാരത്തിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. പരിശീലനത്തിനുള്ള സൈറ്റിലെ വിവരങ്ങൾ എല്ലാ ദിവസവും രാവിലെ 9.30 ന് കൈറ്റിലെ സാങ്കേതിക വിദഗ്ദ്ധർ ഡിലീറ്റ് ചെയ്യുന്നതാണ്. ആയതിനാൽ പരിശീലനത്തിനുള്ള സൈറ്റ് വഴി ഏതെങ്കിലും മാനേജർമാർ യഥാർത്ഥ നിയമനാംഗീകാര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം തന്നെ നഷ്ടപ്പെട്ടിട്ടുണ്ടാകും.

ആയതിനാൽ ഇതിനകം അപേക്ഷ 'സമന്വയ' വഴി സമർപ്പിച്ചിട്ടുള്ള മാനേജർമാർ അവരവരുടെ ലോഗിനിൽ കയറി സമർപ്പിച്ച അപേക്ഷകൾ യഥാർത്ഥ 'സമന്വയ' സൈറ്റിൽ തന്നെയാണ് സമർപ്പിച്ചിട്ടുള്ളത് എന്ന വിവരം ഉറപ്പാക്കേണ്ടതാണ്. പരിശീലനത്തിനുള്ള സൈറ്റിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള മാനേജർമാർ **https://samanwaya.kite.kerala.gov.in** എന്ന 'സമന്വയ' ഔദ്യോഗിക സൈറ്റിൽ ഒരിക്കൽ കൂടി അപേക്ഷകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

2) **https://samanwaya.kite.kerala.gov.in** എന്ന ഔദ്യോഗിക സൈറ്റിൽ ചില വിദ്യാഭ്യാസ ഓഫീസുകളിൽ പരിശീലനത്തിനായി മോക് ഫയലുകൾ സൃഷ്ടിക്കുന്നതായും കാണുന്നു. ഇത് ഗുരുതരമായ തെറ്റാണ്. വിദ്യാഭ്യാസ ഓഫീസർമാരോ ജീവനക്കാരോ 'സമന്വയ' ഔദ്യോഗിക സൈറ്റ് ഉപയോഗിച്ച് യാതൊരു തരത്തിലുള്ള പരിശീലന പരിപാടികളും നടത്തരുത് എന്ന് കർശന നിർദേശം നൽകുന്നു.

3) **https://samanwaya.kite.kerala.gov.in** എന്ന ഔദ്യോഗിക സൈറ്റിൽ ഇതിനകം സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകൾ അതത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും തെറ്റായോ പരീക്ഷണാടിസ്ഥാനത്തിലോ സമർപ്പിക്കപ്പെട്ട അപേക്ഷകൾ സൈറ്റിൽ ഉണ്ട് എന്ന് കണ്ടെത്തിയാൽ "Application ID" ബന്ധപ്പെട്ട ജില്ലാ നോഡൽ ഓഫീസറെ അറിയിക്കേണ്ടതുമാണ്.

4) മാനേജർമാരുടെയും ഓഫീസിലെ ജീവനക്കാരുടെയും മറ്റും പാസ്‌വേർഡ് റീസെറ്റ് ചെയ്യേണ്ടത് അതത് വിദ്യാഭ്യാസ ഓഫീസർമാരാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും സാങ്കേതിക തടസം നേരിടുകയാണെങ്കിൽ ജില്ലാ നോഡൽ ഓഫീസർമാരെ ബന്ധപ്പെടേണ്ടതാണ്.

5) തസ്തികനിർണയത്തിനുള്ള 'സമന്വയ' പരിശീലന സൈറ്റ് 23-06-2019 ഞായറാഴ്ച വൈകീട്ട് 5 മണി വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അതിനുള്ളിൽ പരിശീലന പരിപാടികൾ പൂർത്തിയാക്കാൻ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. തസ്തികനിർണയത്തിനുള്ള സൈറ്റിലെ പ്രഥമാധ്യാപകർക്കുള്ള ലോഗിൻ അതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന വിവരം ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പകർപ്പ് :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2) എല്ലാ 'സമന്വയ' സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാരും
3) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)